بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

**ജുമുഅഃ ഖുത്വ്ബ**

**സംഗ്രഹം**

**23-1-2026**

# നബിതിരുമേനി(സ)യുടെ ദൈവാനുരാഗം

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്..) യു.കെ യിലെ മസ്ജിദ് മുബാറക്കിൽ വച്ച് നിർവഹിച്ചത്

اَشۡھَدُ اَنۡ لَّاۤ اِلٰہَ اِلَّا اللّٰہُ وَحۡدَہٗ لَا شَرِیۡکَ لَہٗ وَاَشۡھَدُ اَنَّ مُحَمَّدًا عَبۡدُہٗ وَرَسُوۡلُہٗ

اَمَّا بَعۡدُ فَاَعُوۡذُ بِاللّٰہِ مِنَ الشَّیۡطٰنِ الرَّجِیۡمِ- بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ-

اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ ○ الرَّحۡمٰنِ الرَّحِیۡمِ ○ مٰلِکِ یَوۡمِ الدِّیۡنِ ○ اِیَّاکَ نَعۡبُدُ وَاِیَّاکَ نَسۡتَعِیۡنُ ○

اِہۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ○ صِرَاطَ الَّذِیۡنَ اَنۡعَمۡتَ عَلَیۡہِمۡ ۬ۙ غَیۡرِ الۡمَغۡضُوۡبِ عَلَیۡہِمۡ وَلَا الضَّآلِّیۡنَ ○

തശഹ്ഹുദും തഅവ്വുദും സൂറഃ ഫാത്തിഹയും ഓതിയശേഷം ഹുസൂർ തിരുമനസ്സ് ഇപ്രകാരം പ്രസ്താവിച്ചു:

നബി തിരുമേനി(സ)യുടെ ജീവചരിത്രത്തെക്കുറിച്ചാണ് വിവരിച്ചുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ ഖുതുബകളിൽ അല്ലാഹുവിനോടുള്ള സ്നേഹത്തെക്കുറിച്ച് പരാമർശിച്ചിരുന്നു, ഈ വിഷയത്തിൽ ഇന്ന് കൂടുതൽ കാര്യങ്ങൾ വിവരിക്കാം. നബി തിരുമേനി(സ)യുടെ ആരാധനാമുറകളും അതിന്റെ സൗന്ദര്യലാവണ്യങ്ങളും മുമ്പും വിവരിച്ചിട്ടുണ്ട്. ഇന്നും ഹദീസുകളുടെ അടിസ്ഥാനത്തിലും അതുപോലെ നബി തിരുമേനി(സ)യുടെ സത്യദാസനായ ഹദ്റത്ത് മസീഹ് മൗഊദ് (അ) നബിതിരുമേനി(സ)യുടെ സ്ഥാനത്തെക്കുറിച്ചും അല്ലാഹുവിനോടുള്ള അനുരാഗത്തെക്കുറിച്ചും വിവരിച്ചതിന്റെ അടിസ്ഥാനത്തിലും ചില കാര്യങ്ങൾ വിവരിക്കാം. ഒരു നിവേദനത്തിൽ ഇപ്രകാരം വരുന്നു, ഹദ്റത്ത് ഹുദൈഫ(റ) വിവരിക്കുന്നു: ഞാൻ നബി തിരുമേനി(സ)യോടൊപ്പം ഒരു രാത്രി നമസ്കരിച്ചു. അവിടുന്ന് സൂറത്തുൽ ബഖറ കൊണ്ട് ആരംഭിച്ചു. നൂറ് ആയത്തുകൾക്ക് ശേഷം അവിടുന്ന് റുകൂഅ് ചെയ്യുമെന്ന് ഞാൻ കരുതി, എന്നാൽ അവിടുന്ന് പാരായണം തുടർന്നു. സൂറത്ത് പൂർത്തിയാകുമ്പോൾ അവിടുന്ന് റുകൂഅ് ചെയ്യുമെന്ന് ഞാൻ കരുതി, പക്ഷേ അവിടുന്ന് പാരായണം തുടർന്നു. ശേഷം അവിടുന്ന് സൂറത്തുന്നിസാഅ് ആരംഭിക്കുകയും അത് പാരായണം ചെയ്യുകയും ചെയ്തു. ശേഷം അവിടുന്ന് റുകൂഅ് ചെയ്യുമെന്ന് ഞാൻ കരുതി, പിന്നീട് സൂറത്ത് ആലു ഇംറാൻ ആരംഭിക്കുകയും അത് പാരായണം ചെയ്യുകയും ചെയ്തു. ശേഷം അവിടുന്ന് റുകൂഅ് ചെയ്യുമെന്ന് ഞാൻ കരുതി, പക്ഷേ അവിടുന്ന് പാരായണം തുടർന്നു. വളരെ സാവകാശത്തിലും നിർത്തിനിർത്തിയുമാണ് അവിടുന്ന് ഓതിയിരുന്നത്. അല്ലാഹുവിനെ തസ്ബീഹ്ചെയ്യേണ്ടആയത്തുകൾവരുമ്പോൾ അവിടുന്ന് തസ്ബീഹ് ചൊല്ലുമായിരുന്നു. പ്രാർഥനാപരമായ ആയത്തുകൾ വരുമ്പോൾ അവിടുന്ന് അല്ലാഹുവിനോട് അർഥന നടത്തുമായിരുന്നു. അല്ലാഹുവിനോട് ശരണം തേടേണ്ട ആയത്തുകൾ വരുമ്പോൾ അവിടുന്ന് അഭയം തേടുമായിരുന്നു. പിന്നീട് അവിടുന്ന് റുകൂഅ് ചെയ്യുകയും സുബ്ഹാന റബ്ബിയൽ അളീം എന്ന് പറയുകയും ചെയ്തു. എന്റെ രക്ഷിതാവ് പരിശുദ്ധനും മഹത്വമുള്ളവനുമാണ്. അവിടുത്തെ റുകൂഅ് ഖയാം (നിൽക്കുന്ന സമയം) പോലെ തന്നെ സുദീർഘമായിരുന്നു. ശേഷം സമിഅല്ലാഹു ലിമൻ ഹമിദഃ എന്ന് അവിടുന്ന് പറഞ്ഞു. അതായത് തന്നെ സ്തുതിച്ചവന്റെ സ്തുതി അല്ലാഹു

കേട്ടിരിക്കുന്നു. പിന്നീട് അവിടുന്ന് റുകൂഅ് ചെയ്ത സമയം പോലെ സുദീർഘമായി നിന്നു. പിന്നീട് അവിടുന്ന് സുജൂദ് ചെയ്യുകയും സുബ്ഹാന റബ്ബിയൽ അഅ്ലാ എന്ന് പറയുകയും ചെയ്തു. എന്റെ രക്ഷിതാവ് പരിശുദ്ധനും അത്യുന്നതനുമാണ്. അവിടുത്തെ സുജൂദ് ഖയാമിന് സമാനമായി സുദീർഘമായിരുന്നു. അതുപോലെ ഹദ്റത്ത് ആയിശ(റ) വിവരിക്കുന്നു: ഒരു രാത്രി നബി തിരുമേനി(സ) ഖുർആനിലെ ഒരൊറ്റ ആയത്ത് പാരായണം ചെയ്തുകൊണ്ട് നമസ്കാരത്തിൽ നിന്നു. അതായത് സൂറത്തുൽ ഫാത്തിഹക്ക് ശേഷം ഒരു ആയത്ത് തന്നെ ആവർത്തിച്ചു പാരായണം ചെയ്തു കൊണ്ടിരുന്നു. ഒരു സ്വഹാബിയുടെ നിവേദനത്തിൽ ദീർഘമായ പല സൂറത്തുകൾ ഓതിയെന്ന് പറയുന്നുണ്ടെങ്കിൽ ഇവിടെ ഒരൊറ്റ ആയത്ത് ഓതി ദീർഘമായി നിന്നു എന്നാണ് പറയുന്നത്. നബി തിരുമേനി(സ)യുടെ ആ ഖയാം എത്രത്തോളം സുദീർഘമായിരുന്നു എന്നതിനെക്കുറിച്ച് ഹദ്റത്ത് ആയിശയുടെ നിവേദനം നേരത്തെ കഴിഞ്ഞുപോയിട്ടുണ്ട്. കഴിഞ്ഞ ഖുതുബകളിൽ ഞാൻ വിവരിച്ചിരുന്നു, അവിടുത്തെ ഖയാമും റുകൂഉം സുജൂദും അത്രത്തോളം സുദീർഘമായിരുന്നു എന്ന്, അതിന്റെ സൗന്ദര്യത്തെക്കുറിച്ച് ചോദിക്കാനേയില്ല.

അതുപോലെ ഹദ്റത്ത് അബൂദർറ്(റ) വിവരിക്കുന്നു: നബി തിരുമേനി(സ) ആരാധനയ്ക്കായി നിൽക്കുകയും പുലർച്ചെ വരെ ഒരൊറ്റ ആയത്ത് ആവർത്തിച്ച് ഓതിക്കൊണ്ടിരിക്കുകയും ചെയ്തു. ആ ആയത്ത് ഇതായിരുന്നു:

'നീ അവരെ ശിക്ഷിക്കുകയാണെങ്കിൽ അവർ നിന്റെ ദാസന്മാരാണല്ലോ, നീ അവർക്ക് മാപ്പ് നല്കുകയാണെങ്കിൽ തീർച്ചയായും നീ പ്രതാപശാലിയും യുക്തിജ്ഞനുമാണ്.'

പിന്നെ ഹദ്റത്ത് ആയിശ(റ)യിൽ നിന്നുള്ള നിവേദനമാണ്. അവർ പറയുന്നു: നബിതിരുമേനി(സ)യുടെ കാലത്ത് സൂര്യഗ്രഹണം സംഭവിച്ചു. നബി തിരുമേനി(സ)യുടെ ഖയാമും റുകൂഉം സുജൂദും സുദീർഘമായിരുന്നു. പിന്നീട് നബി തിരുമേനി(സ) നമസ്കാരം പൂർത്തിയാക്കി, അപ്പോഴേക്കും സൂര്യൻ തെളിഞ്ഞു പ്രകാശിച്ചിരുന്നു. ശേഷം അവിടുന്ന് ജനങ്ങളെ അഭിസംബോധന ചെയ്ത് ഖുതുബ നിർവഹിച്ചു. അവിടുന്ന് അല്ലാഹുവിനെ സ്തുതിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്തു. ശേഷം അവിടുന്ന് പറഞ്ഞു: സൂര്യനും ചന്ദ്രനും അല്ലാഹുവിന്റെ അടയാളങ്ങളിൽ പെട്ടതാണ്. ഇവ രണ്ടും ആരുടെയും മരണത്താലോ ജനനത്താലോ ഗ്രഹണം ബാധിക്കുന്നവയല്ല. അതിനാൽ നിങ്ങൾ ഇവ കാണുമ്പോൾ അല്ലാഹുവിന്റെ മഹത്വം വാഴ്ത്തുക. അല്ലാഹുവിനോട് പ്രാർഥിക്കുക, നമസ്കാരം നിർവഹിക്കുക, സദഖ നൽകുക. പിന്നീട് അവിടുന്ന് പറഞ്ഞു: ഹേ മുഹമ്മദിന്റെ ഉമ്മത്തേ(സ), അല്ലാഹുവിനേക്കാൾ അഭിമാനബോധമുള്ള മറ്റാരുമില്ല; തന്റെ ദാസനോ ദാസിയോ വ്യഭിചാരത്തിൽ ഏർപ്പെടുന്നത് അവന് അങ്ങേയറ്റം അനിഷ്ടകരമാണ്. പിന്നീട് അവിടുന്ന് പറഞ്ഞു: ഹേ മുഹമ്മദിന്റെ(സ) ഉമ്മത്തേ, അല്ലാഹുവാണ! എനിക്കറിയാവുന്ന കാര്യങ്ങൾ നിങ്ങൾക്കറിയാമായിരുന്നുവെങ്കിൽ നിങ്ങൾ കൂടുതൽ കരയുകയും കുറച്ചു മാത്രം ചിരിക്കുകയും ചെയ്യുമായിരുന്നു. ശേഷം അവിടുന്ന് ചോദിച്ചു: ശ്രദ്ധിക്കൂ, ഞാൻ നിങ്ങൾക്ക് സന്ദേശം എത്തിച്ചു തന്നില്ലേ? അതായത് അല്ലാഹുവിലേക്ക് മടങ്ങുന്നതിനെക്കുറിച്ചും അവനെ ആരാധിക്കുന്നതിനെക്കുറിച്ചും അവന്റെ മുൻപിൽ വിനയാന്വിതരാകുന്നതിനെക്കുറിച്ചും അവിടുന്ന് ശ്രദ്ധക്ഷണിച്ചു. അവിടുന്ന് പറഞ്ഞു: ഇതിലാണ് നിങ്ങളുടെ നിലനിൽപ്പുംജീവിതവും അടങ്ങിയിരിക്കുന്നത്. എനിക്കറിയാവുന്നതുപോലെ ഈകാര്യങ്ങളുടെ ആഴംനിങ്ങൾക്കറിയാമായിരുന്നുവെങ്കിൽ നിങ്ങൾ ചിരിക്കുന്നത് ഉപേക്ഷിക്കുകയും കൂടുതൽ കരയുകയും അല്ലാഹുവിനോട് പ്രാർഥിക്കുകയും ചെയ്യുമായിരുന്നു. അതുകൊണ്ട് നാമും പ്രാർഥനകളിൽ വളരെയധികം ശ്രദ്ധ കേന്ദ്രീകരിക്കണമെന്നും അല്ലാഹുവുമായി ഒരു പ്രത്യേക ബന്ധം സ്ഥാപിക്കണമെന്നുമാണ് ഇവിടെ ഓർമ്മിപ്പിച്ചത്.

അതുപോലെ അല്ലാഹുവിന്റെ അനുവാദമില്ലാതെ അവിടുന്ന് ഒരു വലിയ കാര്യവും ചെയ്തിരുന്നില്ല. അല്ലാഹുവിന്റെ കൽപ്പന ഉണ്ടാകുമ്പോൾ മാത്രമാണ് അവിടുന്ന് പ്രവർത്തിച്ചി

രുന്നത്. മക്കയിലെ ജനങ്ങളുടെ കഠിനമായ പീഡനങ്ങൾ ഉണ്ടായിട്ടും അല്ലാഹുവിൽ നിന്നും വഹ്‌യ് (ദൈവിക സന്ദേശം) ലഭിക്കുന്നത് വരെയും വഹ്‌യ വഴി മക്ക വിടാൻ കൽപ്പന ലഭിക്കുന്നത് വരെയും അവിടുന്ന് മക്ക വിട്ടില്ല. മക്കക്കാരുടെ മർദ്ദനങ്ങൾ കഠിനമായപ്പോൾ അനുചരന്മാർക്ക് അബിസീനിയയിലേക്ക് ഹിജ്റ പോകാൻ അവിടുന്ന് അനുവാദം നല്കി. അവിടുന്ന് കൂടെ വരണമെന്ന് അവർ ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ, എനിക്ക് ഇതുവരെ അല്ലാഹുവിന്റെ അനുവാദം ലഭിച്ചിട്ടില്ല ന്നാണ് അവിടുന്ന് പറഞ്ഞത്.

അല്ലാഹുവിനോടുള്ള സ്നേഹത്തെക്കുറിച്ച് പറയുമ്പോൾ ത്വാഇഫ് യാത്രയിൽ നബി തിരുമേനി(സ) മുറിവേറ്റ സംഭവം ചരിത്രത്തിൽ വിവരിക്കപ്പെട്ടിട്ടുണ്ട്. പ്രവാചകത്വത്തിന്റെ പത്താം വർഷം അബൂത്വാലിബിന്റെ മരണ ശേഷം ഖുറൈശികൾ നബി തിരുമേനി(സ) ക്കെതിരെ പീഡനങ്ങൾ ആരംഭിച്ചപ്പോൾ അവിടുന്ന് ത്വാഇഫിലേക്ക് തിരിച്ചു. അവിടുന്ന് പത്തുദിവസം ത്വാഇഫിൽ താമസിച്ച് ഇസ്‌ലാമിലേക്ക് പ്രബോധനം നടത്തിക്കൊണ്ടിരുന്നു, എന്നാൽ ആരും തന്നെ അവിടുത്തെ ക്ഷണം സ്വീകരിച്ചില്ല. സ്വഹീഹ് ബുഖാരിയിൽ ഈ സംഭവത്തെക്കുറിച്ച് ഒരു നിവേദനമുണ്ട്. നബി തിരുമേനി(സ)യുടെ ധർമപത്നി ഹദ്റത്ത് ആയിശ(റ) വിവരിക്കുന്നു: അങ്ങേക്ക് ഉഹ്ദ് ദിനത്തേക്കാൾ കഠിനമായ വല്ല ദിവസവും ഉണ്ടായിട്ടുണ്ടോ എന്ന് അവർ നബി തിരുമേനി(സ)യോട് ചോദിച്ചു. അന്ന് അവിടുത്തേക്ക് മുറിവേറ്റിരുന്നു. നബി തിരുമേനി(സ) പറഞ്ഞു: നിന്റെ ജനതയിൽ നിന്നും എനിക്ക് അനുഭവപ്പെട്ട പ്രയാസങ്ങളിൽ ഏറ്റവും കഠിനമായത് അഖബയുടെ ദിവസമാണ്. അതായത് ത്വാഇഫിൽ ഇബ്നു അബ്ദി യാലീൽ ബിൻ അബ്ദി കുലാലിന് മുൻപിൽ ഞാൻ എന്നെത്തന്നെ സമർപ്പിക്കുകയും സന്ദേശം എത്തിക്കുകയും ചെയ്തപ്പോൾ, ഞാൻ ആഗ്രഹിച്ച മറുപടിയല്ല അവൻ നല്കിയത്. അങ്ങനെ ഞാൻ അങ്ങേയറ്റം ദുഃഖിതനായി അവിടെ നിന്നും തിരിച്ചു. എന്റെ ചിന്തകളിൽ മുഴുകി ഞാൻ നടന്നുപോകുമ്പോൾ ഖർനുസ്സആലിബിൽ എത്തിയപ്പോഴാണ് എന്റെ ആ അവസ്ഥയ്ക്ക് മാറ്റമുണ്ടായത്. ഞാൻ തല ഉയർത്തി നോക്കിയപ്പോൾ ഒരു മേഘം എനിക്ക് തണലേകുന്നത് കണ്ടു. അതിൽ ജിബ്രീൽ (അ) ഉണ്ടായിരുന്നു. അദ്ദേഹം എന്നെ വിളിച്ചു പറഞ്ഞു: താങ്കളെക്കുറിച്ച് താങ്കളുടെ ജനത പറഞ്ഞതും അവർ താങ്കളോട് കാണിച്ച സമീപനവും അല്ലാഹു കേട്ടിരിക്കുന്നു. മലകളുടെ മേൽനോട്ടമുള്ള മലക്കിനെ അല്ലാഹു നിങ്ങളുടെ അടുത്തേക്ക് അയച്ചിട്ടുണ്ട്, അവർക്കെതിരെ നിങ്ങൾ ആഗ്രഹിക്കുന്ന കൽപ്പന നല്കാനായി. നബിതിരുമേനി(സ) പറയുന്നു: പിന്നീട് മലകളുടെ മലക്ക് എന്നെ വിളിക്കുകയും എനിക്ക് സലാം പറയുകയും ചെയ്തു. ശേഷം പറഞ്ഞു: ഹേ മുഹമ്മദ് (സ), അങ്ങ് ആഗ്രഹിക്കുന്ന കൽപ്പന നല്കിയാലും. അങ്ങ് ആഗ്രഹിക്കുന്നുവെങ്കിൽ ഈ രണ്ട് മലകളും കൂടി ഞാൻ അവരുടെ മേൽ ഇടിച്ച് നിരത്താം, അവർ അതിനിടയിൽ പെട്ട് അമർന്നുപോകും. അപ്പോൾ നബി തിരുമേനി(സ) പറഞ്ഞു: വേണ്ട, അല്ലാഹുവിനെ മാത്രംആരാധിക്കുന്നവരുംഅവനോട്ആരെയും പങ്കുചേർക്കാത്തവരുമായ ഒരു തലമുറയെ ഇവരുടെ സന്തതികളിൽ നിന്നും അല്ലാഹു പുറത്തുകൊണ്ടുവരുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. അവിടുത്തെ കാരുണ്യം അവിടെയും അതിജയിക്കുകയും അവിടുന്ന് ആ ജനതയെ രക്ഷിക്കുകയും ചെയ്തു. പിന്നീട് മക്കാവിജയത്തിന് ശേഷം കുറച്ചു കാലം കഴിഞ്ഞപ്പോൾ അവരുടെ സന്തതികൾ ഇസ്‌ലാം സ്വീകരിക്കുകയും ചെയ്തു.

ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം നബി തിരുമേനി(സ)യുടെ സ്ഥാനത്തെക്കുറിച്ച് വിവരിക്കവേ ഇപ്രകാരം പറയുന്നു:

മനുഷ്യരിൽവച്ച് ഏറ്റവും പരിപൂർണനായ മനുഷ്യനു പ്രദാനം ചെയ്യപ്പെട്ടആ അതിമഹത്തായ പ്രകാശം മലക്കുകളിലോ നക്ഷത്രങ്ങളിലോ സൂര്യനിലോ സമുദ്രത്തിലോ നദിയിലോ ഉണ്ടായിരുന്നില്ല. വൈഡൂര്യങ്ങളിലോ മാണിക്യക്കല്ലുകളിലോ മരതകങ്ങളിലോ വൈരങ്ങളിലോ മുത്തുകളിലോ അതു കണ്ടെത്താവുന്നതായിരുന്നില്ല. ചുരുക്കത്തിൽ ഭൗമികമോ വാനലോകമോ ആയ യാതൊരു വസ്തുവിലും

അതുണ്ടായിരുന്നില്ല. അതു മനുഷ്യരിൽ മാത്ര മേയുള്ളു; പരിപൂർണനായ മനുഷ്യനിൽ. എന്നു വച്ചാൽ അതിശ്രേഷ്ഠവും പരിപൂർണവും ഉദാത്തവും സർവോത്തരവും അത്യുൽകൃഷ്ടവും ആയ സ്ഥാനമുടയ വ്യക്തിയിൽ നബിമാരുടെ നായ കരും ആത്മീയമായി ജീവിച്ചിരിക്കുന്നവരുടെയെല്ലാം നേതാവും ആയ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) തിരുമേനിയിൽ മാത്രമാണ് തികവാർന്ന നിലയിൽ അതു വെളിപ്പെട്ടത്. ചുരുക്കത്തിൽ ആ തേജസ്സ് ആ മനുഷ്യനാണ് നല്കപ്പെട്ടത്. അപ്രകാരം തന്നെ, ഒരളവോളം പലനിലയിലും അവിടത്തോട് സാമ്യസാദൃശ്യങ്ങൾ പുലർത്തുന്ന എല്ലാവർക്കും തന്നെ.... അവിടുത്തെ പദവികൾക്ക് അനുസൃതമായി അവിടുത്തെ അനുയായികളിൽ അവിടുത്തെ ചര്യ (സുന്നത്ത്) പിന്തുടരുന്നവർക്കും ആ പ്രകാശത്തിൽ നിന്നും അല്പം നല്കപ്പെട്ടു.

നബി തിരുമേനി(സ)യുടെ പദവിയെയും സ്ഥാനത്തെയും കുറിച്ചുള്ള ഉന്നതമായ ഇത്തരമൊരു ഉൾക്കാഴ്ചയാണ് അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ് (അ)ന് നല്കിയത്, അവിടുന്ന് അത് നമുക്കായും വിവരിച്ചു തന്നു. എന്നിട്ടും നമ്മുടെ ശത്രുക്കൾ പറയുന്നത് നാം നബി തിരുമേനി(സ)യെ നിന്ദിക്കുന്നുവെന്നും ഹദ്റത്ത് മസീഹ് മൗഊദ് (അ)ിന് കൂടുതൽ സ്ഥാനം നൽകുന്നുവെന്നുമാണ് -നഊദുബില്ലാഹ്. അല്ലാഹു അവരുടെ തിന്മകളിൽ നിന്നും ഓരോ അഹ്മദിയെയും കാത്തുരക്ഷിക്കട്ടെ.

اَلْحَمْدُ لِلّٰهِ نَحْمَدُهُ وَ نَسْتَعِيْنُهُ وَ نَسْتَغْفِرُهُ وَنُؤْمِنُ
بِهٖ وَ نَتَوَكَّلُ عَلَيْهِ وَ نَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ
مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ
يُّضْلِلْهُ فَلَا هَادِيَ لَهٗ۔ وَنَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ
مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ۔ عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ
بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِي الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ
وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ
يَذْكُرْكُمْ وَادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ۔

**FRIDAY SERMON SUMMARY** DELIVERED BY**HAZRAT KHALIFATUL MASIH V(ATBA)**
ISLAMABAD UK ON 23.1.2026
SUMMARIZED BY MAJLIS ANSARULLAH BHARAT
MALAYALAM TRANSLATION BY AMNAS PK
FOR MALAYALAM DESK, QADIAN
PUBLISHED BY NAZARAT NASHR-O-ISHAAT,
SADR ANJUMAN AHMADIYYA QADIAN 143516